**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 439** **23-02-2022 - ൽ മറുപടിയ്ക്ക്**

**ആസ്തി വികസന പദ്ധതിയുടെ തുക കൈമാറുന്നതിലെ കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | **Shri K N Balagopal**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | എം.എൽ.എ. മാരുടെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിക്കുന്ന പദ്ധതികളുടെ തുക വിവിധ വകുപ്പുകൾ പരസ്പരം കൈമാറി നൽകുന്നതിൽ കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ വിവിധ ഗ്രാമീണ റോഡുകളുടെ പണികളിൽ പി.ഡബ്ല്യൂഡി പൂർത്തിയാക്കിയ പണികളുടെ ബിൽ മാറി നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ബിൽ തുക മാറി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.) |
| (ബി) | കാഞ്ഞിരപ്പള്ളി മണ്ഡലത്തിൽ 2016-17 മുതൽ 2020-21 വർഷം വരെ പൊതുമരാമത്ത് വകുപ്പ് മുഖേന പൂർത്തിയാക്കാൻ ഭരണാനുമതി ലഭിച്ച ഏതൊക്കെ എൽ. എസ്.ജി.ഡി. റോഡുകളുടെ തുകയാണ് എൽ.എസ്.ജി.ഡി. യിൽ നിന്ന് പൊതുമരാമത്ത് വകുപ്പിന് കൈമാറാത്തതെന്ന് വെളിപ്പെടുത്താമോ; | (ബി) | വിവരം ശേഖരിച്ചു വരുന്നു. |
| (സി) | വകുപ്പുകളുടെ ശീതസമരത്തിൽപ്പെട്ട് ആസ്തി വികസന പദ്ധതികൾ അനാകർഷകമാകുന്നത് തടയാൻ നടപടി സ്വീകരിക്കുമോ; | (സി) | MLA-ADS ലെ മാർഗ്ഗരേഖ പ്രകാരം എഞ്ചിനീയറിംങ്ങ് വിംഗുകളുള്ള വകുപ്പുകളാണെങ്കിൽ അതാത് വകുപ്പുകൾക്ക് തന്നെയാണ് പ്രവൃത്തികൾ നടപ്പിലാക്കാനുള്ള ഉത്തരവാദിത്തം. |
| (ഡി) | 38-ൽ അധികം ഹെഡ് ഓഫ് അക്കൗണ്ടിലായി ആസ്തി വികസന പദ്ധതി കൈകാര്യം ചെയ്യുന്നതിന് പകരം നിയോജകമണ്ഡലാടിസ്ഥാനത്തിൽ എല്ലാ വകുപ്പുകൾക്കുമായി ആസ്തി വികസന ഫണ്ടിന് പൊതു ഹെഡ് ഓഫ് അക്കൗണ്ട് ആരംഭിക്കുകയും ഭരണാനുമതി നൽകുന്നവയ്ക്ക് അതത് ജില്ലാ കളക്ടർമാർക്ക് ധനവകുപ്പിന്റെ അനുമതിയോടെ പ്രസ്തുത ഹെഡ് ഓഫ് അക്കൗണ്ട് കൈകാര്യം ചെയ്യുന്നതിന് അനുവാദം നൽകുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ആസ്തി വികസന ഫണ്ടിന് പൊതു ഹെഡ് ഓഫ് അക്കൗണ്ട് ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിൽ ആരംഭിച്ച് പ്രസ്തുത ഹെഡിൽ നിന്ന് ഓരോ ബില്ലും മാറി നല്കുകയാണെങ്കിൽ ഓരോ ഫയലും പേയ്മെന്റിനായി ധനവകുപ്പിൽ വരേണ്ടി വരും. പ്രസ്തുത കാലതാമസം ഒഴിവാക്കുന്നതിനാണ് അതാതു ഗുണഭോക്തൃ വകുപ്പുകളുടെ നിയന്ത്രണത്തിൽ തന്നെ ശീർഷകങ്ങൾ അനുവദിച്ചു നൽകി മതിയായ ഫണ്ടും ഉറപ്പുവരുത്തുന്നത്. |

സെക്ഷൻ ഓഫീസർ

*"ഭരണഭാഷ — മാതൃഭാഷ"*

GOVERNMENT OF KERALA

ഇ-1974780/എൻ സി-ബി3/9/2022/ധന

ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ്
തിരുവനന്തപുരം
തീയതി: 14/02/2022

**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

**ചീഫ് എഞ്ചിനീയർ,**
**തദ്ദേശ സ്വയംഭരണ വകുപ്പ്**

സർ,

വിഷയം:- നിയോജകമണ്ഡല ആസ്തി വികസന പദ്ധതി - കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലം -വിവിധ ഗ്രാമീണ റോഡു പ്രവൃത്തികൾ- പി.ഡബ്ള്യൂ.ഡി. പൂർത്തിയാക്കിയ പ്രവർത്തിയുടെ ബിൽ തുക എൽ.എസ്.ജി.ഡി. ശീർഷകത്തിൽ നിന്നും പി.ഡബ്ള്യൂ. ഡിക്ക് deposit ചെയ്ത് നൽകുന്നത് - സംബന്ധിച്ച്

സൂചന:- ഡോ.എൻ.ജയരാജ്, ഗവ.ചീഫ് വിപ്പ്, ബഹു. ധനകാര്യ വകുപ്പ് മന്ത്രിയ്ക്ക് നൽകിയ 31/12/2021 തീയതിയിലെ 450/2021/GCW നം.കത്ത് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).

നിയോജക മണ്ഡല ആസ്തി വികസന ഫണ്ടുപയോഗിച്ച് കോട്ടയം ജില്ലാ കളക്ടറുടെ 29/09/2020-ലെ ഡി1/2086(5)/2020 നടപടിക്രമം പ്രകാരം കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലത്തിലെ വിവിധ ഗ്രാമീണ റോഡുകളുടെ പണി പി.ഡബ്ള്യൂ.ഡി. പൂർത്തിയാക്കിയ പ്രവർത്തിയുടെ ബിൽ തുക എൽ.എസ്.ജി.ഡി. ശീർഷകത്തിൽ നിന്നും പി.ഡബ്ള്യൂ.ഡി ക്ക് അടിയന്തിരമായി deposit ചെയ്ത് നൽകേണ്ടതാണെന്ന് അറിയിക്കുന്നു. ഇതിന് ബഹു.ധനകാര്യവകുപ്പ മന്ത്രിയുടെ അംഗീകാരമുണ്ട്.

വിശ്വസ്തതയോടെ,

**പുഷ്പജ എം.ജി**
**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**
**ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിക്ക് വേണ്ടി**

അംഗീകാരത്തോടെ,

**സെക്ഷൻ ഓഫീസർ**

GSPT. 4/2098/2019/1,00,000/S-18.

NC-B3/9/2022-FIN

5794495/2022/FM

73 /PT/FM/2022

ഡോ. എൻ. ജയരാജ്
(എം. എ., പിഎച്ച്. ഡി.)
ഗവ. ചീഫ് വിപ്പ്

റൂം നമ്പർ-730,
മൂന്നാം നില
നിയമസഭാ കോംപ്ലക്സ്,
തിരുവനന്തപുരം-695 033
ഫോൺ :
ഓഫീസ് : 0471-2512080
മൊബൈൽ : 9447464451
ഇ-മെയിൽ : governmentchiefwhip@gmail.com

ACS (Fin)

Secretary (Finance)
Please examine and putup

K N. BALAGOPAL
Minister for Finance
Government of Kerala
6/1/22

സ്ഥലം : ..............................

തീയതി : ..............................

നം. 450 / 2021 / GCW

തിരുവനന്തപുരം

31/12/2021

ശ്രീ കെ.എൻ.ബാലഗോപാൽ

ബഹു.ധനകാര്യ വകുപ്പ് മന്ത്രി

ആദരണിയ മന്ത്രി,

എം.എൽ.എയുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് എന്റെ നിയോജകമണ്ഡലത്തിലെ വിവിധ ഗ്രാമീണ റോഡുകളുടെ പണി പൂർത്തിയാക്കിയിരുന്നു. ബന്ധപ്പെട്ട ജില്ലാ കളക്ടർ 29/09/2020ലെ ഡി1/2086(5)/2020 എൻ.ജെ ഉത്തരവ് പ്രകാരം പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നല്കിയതു പ്രകാരം പ്രസ്തുത ഗ്രാമീണ റോഡുകൾ പൊതുമരാമത്ത്

( . . . . contd )

1

NC-B3/9/2022-FIN

5794495/2022/FM

**ഡോ. എൻ. ജയരാജ്**
(എം. എ., പിഎച്ച്. ഡി.)
**ഗവ. ചീഫ് വിപ്പ്**

റൂം നമ്പർ-730,
മൂന്നാം നില
നിയമസഭാ കോംപ്ലക്സ്,
തിരുവനന്തപുരം-695 033

ഫോൺ :
ഓഫീസ് : 0471-2512080
മൊബൈൽ : 9447464451
ഇ-മെയിൽ : governmentchiefwhip@gmail.com

സ്ഥലം : ..............................

തീയതി : ..............................

വകുപ്പിനെ കൊണ്ട് പൂർത്തീകരിച്ചു. ഈ പ്രവൃത്തികൾക്ക് എൽ.എസ്.ജി.ഡി ശീർഷകത്തിലുള്ള എം.എൽ.എയുടെ ആസ്തി വികസന ഫണ്ട് പി.ഡബ്ല്യൂ.ഡിക്ക് ട്രാൻസ്ഫർ ചെയ്യാൻ എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനിയർ തയ്യാറാകുന്നില്ല. അതിനാൽ നാളിതുവരെ പി.ഡബ്ല്യൂഡി പൂർത്തിയാക്കിയ എ.ഡി.എഫ് പ്രവൃത്തികൾക്കുള്ള ബില്ലുകൾ മാറി നല്കാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്.

ഈ സാഹചര്യത്തിൽ ടീ റോഡ് പണിക്ക് എൽ.എസ്.ജി.ഡിയുടെ പക്കലുള്ള ഫണ്ട് ഫണ്ട് പി.ഡബ്ല്യൂ.ഡിക്ക് മാറി നല്കുന്നതിന് അനുമതി നല്കണമെന്ന് താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ

ഡോ. എൻ. ജയരാജ്

<u>ഭരണ ഭാഷ മാതൃഭാഷ</u>

## കോട്ടയം ജില്ലാ കളക്ടറുടെ നടപടിക്രമം

(ഹാജർ : എം.അഞ്ജന,ഐ.എ.എസ് )

വിഷയം :- നിയോജകമണ്ഡല ആസ്തി വികസന പദ്ധതി ( 2020-2021 ) എം.എൽ.എ എൻ. ജയരാജ്(കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലം ) സമർപ്പിച്ച ശുപാർശക്ക് -ഭരണാനുമതി നൽകി- ഉത്തരവാകുന്നു.

പരാമർശം :-
1. സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 119/18 ധന തീയ്യതി 04.08.2018
2. സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 126/17 ധന തീയ്യതി 25.09.2017
3. ബഹു: എം.എൽ.എ എൻ. ജയരാജ് .10.7.2020 ൽ നൽകിയ ശുപാർശ.
4. എക്സിക്യൂട്ടീവ് എൻജിനീയർ,പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം,കോട്ടയംൻ്റെ 12.8.2020 ഡി.5(2)/2020/2852/2854/2857/2851 നമ്പർ കത്ത്,എസ്റ്റിമേറ്റ് അനുബന്ധങ്ങൾ

<u>ഉത്തരവ് നം ഡി1/2086(5)/2020/എൻജെ തീയതി .29/09/2020</u>

2017-18 വർഷം മുതൽ എംഎൽഎ നിയോജകമണ്ഡല ആസ്തിവികസന പദ്ധതി ജില്ലാ കലക്ടറേറ്റ് മുഖേന നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം (1), (2) പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. പരാമർശം(3). പ്രകാരം ബഹു കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലം എംഎൽഎ എൻ. ജയരാജ്, എക്സിക്യൂട്ടീവ് എൻജിനീയർ,പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം,കോട്ടയം മുഖേന താഴെ പറയുന്ന പ്രവർത്തി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് നിർദേശിച്ചിട്ടുണ്ട്.

---

പ്രവർത്തികളുടെ വിവരങ്ങൾ

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ | പ്രവൃത്തിയുടെ പേര് | പദ്ധതി തുക(ലക്ഷത്തിൽ) |
|---|---|---|---|
| 1 | 12296 | Improvements to Mundankunnu karuveli Road in Kangazha Grama Panchayath(Ch:0/000 to 0/230, 0/466 to 0/482 | ₹12.71 |

പരാമർശം(4) പ്രകാരം - എക്സിക്യൂട്ടീവ് എൻജിനീയർ,പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം,കോട്ടയം മേൽ പ്രവർത്തിയുടെ വിശദമായ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. പരാമർശം (1) നിബന്ധനകൾക്ക് വിധേയമായിട്ടുള്ളതാകയാൽ ടി പ്രവർത്തി നടപ്പിലാക്കാവുന്നതാണ്, ആയതിനാൽ ടി പ്രവർത്തിക്ക് താഴെ പറയുന്ന നിബന്ധനകൾക്ക് അനുസൃതമായും എക്സിക്യൂട്ടീവ് എൻജിനീയർ,പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം,കോട്ടയം നെ നിർവ്വഹണ ഉദ്യോഗസ്ഥനായി നിയോഗിച്ചു കൊണ്ടും ഭരണാനുമതി നൽകി ഉത്തരവാകുന്നു.

1. പ്രവർത്തി ആരംഭിക്കുന്നതിന് മുൻപായി ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും സാങ്കേതികാനുമതി ലഭ്യമാക്കേണ്ടതാണ്
2. എല്ലാ പ്രവർത്തികളും ഇ ടെൻഡർ മുഖാന്തിരം നടപ്പിലാക്കേണ്ടതാണ്
3. നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രവർത്തി തുടങ്ങുന്നതിനു മുൻപ് കരാറുകാരനുമായി നിയമപ്രകാരമുള്ള ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണ്.
4. പ്രവർത്തി പൂർണമായും അംഗീകൃത എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രം നടത്തേണ്ടതാണ്. എസ്റ്റിമേറ്റ് വ്യതിയാനം അനുവദിക്കുന്നതല്ല.
5. പദ്ധതി നടപ്പിലാക്കുന്ന വേളയിൽ നിർവഹണ ഉദ്യോഗസ്ഥരുടെ സ്ഥിരമായ മേൽനോട്ടം ഉണ്ടാകേണ്ടതും, പ്രതിമാസ പുരോഗതി റിപ്പോർട്ട് എല്ലാമാസവും 10-ാം തിയതിക്ക് മുൻപായി ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതുമാണ്.

realme Shot by kaleshshanker

6. പ്രവർത്തിയെ സംബന്ധിച്ചുള്ള നിയമാനുസൃത രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതും ആയത് കാലാകാലങ്ങളിലുള്ള പരിശോധനക്ക് വിധേയമാക്കേണ്ടതുമാണ്.
7. പ്രവർത്തി പൂർത്തീകരണത്തിനുശേഷം എം എൽ എ യുടെ പേര്, പ്രവർത്തിയുടെ പേര്, തുക, സാമ്പത്തിക വർഷം എന്നിവ വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ള ഫലകം സ്ഥിരമായി സ്ഥാപിക്കേണ്ടതാണ്.
8. ടി.പ്രവൃത്തിയുമായി ബന്ധപ്പെട്ട ചെലവ് 4515-00-800-96 എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.
9. മേൽ സർക്കാർ ഉത്തരവുകളിലെ എല്ലാ നിബന്ധനകളും പ്രവർത്തികൾ ഏറ്റെടുക്കുന്നതിനും നിർവഹിക്കുന്നതിനും ബാധകമായിരിക്കും.
10. പ്രവൃത്തിക്ക് ബാധകമായുള്ള നിയമപ്രകാരമുള്ള അനുമതികൾ വാങ്ങിയിരിക്കേണ്ടതാണ്.

ജില്ലാ കളക്ടർ
കോട്ടയം

പകർപ്പ് :-
1. എൻ. ജയരാജ് എം .എൽ.എ
2. അക്കൗണ്ടന്റ് ജനറൽ, തിരുവനന്തപുരം
3. ധനകാര്യ (നോഡൽ സെന്റർ -ബി ) വകുപ്പ്, തിരുവനന്തപുരം
4. നിർവ്വഹണ ഉദ്യോഗസ്ഥൻ
5. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

realme Shot by kaleshshanker

Signature Not Verified
Digitally signed by M ANJANA IAS
Date: 2020.09.29 17:29:48 IST